REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാർ ഇന്ന് ഒപ്പുവെയ്ക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി, UK പ്രധാനമന്ത്രി കെയർ സ്റ്റാമറുമായി കൂടിക്കാഴ്ച നടത്തും.
- തുടർച്ചയായ നാലാം ദിവസവും പാർലമെന്റിൽ പ്രതിപക്ഷ ബഹളം. ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.
- ദേശീയ സഹകരണ നയം കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും.
- ജൂലൈ മാസത്തെ ക്ഷേമ പെൻഷൻ വിതരണം നാളെ ആരംഭിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ.
- സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ നാലിന് 264 റൺസെന്ന നിലയിൽ വൈകിട്ട് ബാറ്റിംഗ് പുനരാരംഭിക്കും.

## വാർത്തകൾ വിശദമായി

ഇന്ത്യ-UK സ്വതന്ത്ര വ്യാപാര കരാറിൽ ഇരുരാജ്യങ്ങളും ഇന്ന് ഒപ്പുവെയ്ക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി - ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാമർ ഉഭയകക്ഷി ചർച്ചയ്ക്കു ശേഷമായിരിക്കും കരാർ ഒപ്പുവെയ്ക്കൽ. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ ഇരുരാജ്യങ്ങളുടെയും പ്രധാനമന്ത്രിമാരുടെ സാന്നിധ്യത്തിൽ ബ്രിട്ടീഷ് വാണിജ്യമന്ത്രി ജൊനാതൻ റെനോയുമായി കരാറിൽ ഒപ്പുവെയ്ക്കും.

പ്രതിരോധ-ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ-UK ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവും കൂടിക്കാഴ്ചയിലുണ്ട്.

മൂന്ന് വർഷത്തെ ചർച്ചകൾക്ക് ശേഷം സ്വതന്ത്രവ്യാപാര കരാർ നിലവിൽ വരുന്നതോടെ എല്ലാ മേഖലകളിലെയും ഇന്ത്യൻ ഉല്പന്നങ്ങൾക്ക് സമഗ്ര വിപണി ലഭ്യത ഉറപ്പാക്കാനാവും.

വൈകിട്ട് ബ്രിട്ടീഷ് രാജാവ് ചാൾസ് മൂന്നാമനെ സന്ദർശിക്കുന്ന മോദി നാളെ മാൽദ്വീവ്സിലേക്ക് യാത്രതിരിക്കും. ശനിയാഴ്ച മാൽദ്വീവ്സിന്റെ 60-ാം സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ വിശിഷ്ട പുരസ്കാരം നൽകി ആദരിക്കും. നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികളും മാൽദ്വീവ്സിൽ നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

✪✪✪

ലണ്ടനിലെ ഇന്ത്യൻ സമൂഹത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നന്ദി അറിയിച്ചു UK-യിലെ ഇന്ത്യൻ സമൂഹത്തിന്റെ ഊഷ്മള സ്വീകരണം സന്തോഷം പകർന്നതായി പ്രധാനമന്ത്രി സമൂഹികമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ പുരോഗതിയോട് അവരുടെ സ്നേഹവും അഭിനിവേശവും ഹൃദയം നിറക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

തുടർച്ചയായ നാലാം ദിവസവും പാർലമെന്റിൽ പ്രതിപക്ഷ ബഹളം. ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു - ബിഹാറിലെ വോട്ടർപട്ടിക പരിഷ്ക്കരണത്തിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷ ബഹളം. കോൺഗ്രസ് പാർലമെന്ററി പാർട്ടി ചെയർപേഴ്സൺ സോണിയാഗാന്ധിയും പ്രതിഷേധത്തിൽ പങ്കെടുക്കുന്നുണ്ട്. നിയമസഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വോട്ടർപട്ടിക പരിഷ്ക്കരിച്ചുവെന്ന് അവർ ആരോപിച്ചു.

✪✪✪

ബിഹാറിൽ നടപ്പാക്കിയ വോട്ടർപട്ടിക പരിഷ്ക്കരണത്തിനെതിരായ വിമർശനങ്ങളെ തിരഞ്ഞെടുപ്പു കമ്മീഷൻ എതിർത്തു. മരിച്ചവരുടെയും മറ്റു നാടുകളിലേക്ക് സ്ഥിരമായി കുടിയേറിയവരുടെയും ഇരട്ട വോട്ട് ചെയ്യുന്നവരുടെയും പേരുകൾ ഒഴിവാക്കുന്നതിനെ ചോദ്യം ചെയ്യാൻ ചില രാഷ്ട്രീയ കക്ഷികൾ മുന്നോട്ടുവരുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. സുതാര്യ പ്രക്രിയയിലൂടെ വോട്ടർപട്ടിക സംശുദ്ധമാക്കുന്നതിനെ ചോദ്യം ചെയ്യുന്നത് ഉചിതമല്ല. ശക്തമായ ജനാധിപത്യത്തിന്റെ അടിക്കല്ലാണ് സ്വതന്ത്രവും നിഷ്പക്ഷവുമായ

തിരഞ്ഞെടുപ്പ്. ഈ വിഷയം ആലോചിക്കാൻ ഏറ്റവും മികച്ച സമയമാണിതെന്നും കമ്മീഷൻ വിലയിരുത്തി.

✪✪✪

ദേശീയ സഹകരണ നയം കേന്ദ്രമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. അടുത്ത രണ്ട് പതിറ്റാണ്ടുകളിൽ രാജ്യത്തിന്റെ സഹകരണ പ്രസ്ഥാനങ്ങൾക്ക് വഴി തെളിക്കുന്ന പരിഷ്കരിച്ച മാർഗനിർദേശങ്ങൾ നയത്തിൽ ഉണ്ടാകുമെന്നാണ് വിലയിരുത്തൽ. വികസിത ഭാരത ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കുന്നതിൽ സഹകരണ മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്ന തരത്തിലാണ് നയരൂപീകരണം. 2002ലാണ് ഇതിന് മുമ്പ് സഹകരണനയം രൂപപ്പെടുത്തിയത്.

✪✪✪

പെട്രോളിൽ 20 ശതമാനം എഥനോൾ മിശ്രണമെന്ന ലക്ഷ്യം, രാജ്യം അഞ്ചുവർഷം നേരത്തെ കൈവരിച്ചതായി കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി ഡൽഹിയിൽ അറിയിച്ചു. ഇതുവഴി സംശുദ്ധ ഊർജ്ജ വിനിയോഗം 2014-ലെ ഒന്നര ശതമാനത്തിൽ നിന്ന് 20 ശതമാനമാക്കാൻ കഴിഞ്ഞെന്നും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. നേരത്തെ 2030 ഓടെ ഈ ലക്ഷ്യം കൈവരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഇതിലൂടെ 13 ലക്ഷം കോടിയിൽപ്പരം രൂപ ലാഭിക്കാൻ കഴിഞ്ഞതായും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

ഇന്ത്യയുടെ പ്രഥമ മനുഷ്യ ബഹിരാകാശ ദൗത്യം - ഗഗൻയാൻ വിക്ഷേപണവാഹനത്തിന്റെ ഗ്രൗണ്ട് പരിശോധനയും വികസനവും പൂർത്തിയാക്കിയതായി കേന്ദ്ര മന്ത്രി ഡോ. ജിതേന്ദ്ര സിങ് ലോക്സഭയെ അറിയിച്ചു. പ്രൊപൽഷൻ മൊഡ്യൂളിന്റെയും ക്രൂ മൊഡ്യൂളിന്റെയും പ്രവർത്തനങ്ങളാണ് പരിശോധിച്ചത്. 2027-ൽ മനുഷ്യ ബഹിരാകാശ ദൗത്യത്തിനും 2035-ഓടെ ഇന്ത്യൻ ബഹിരാകാശ നിലയം സ്ഥാപിക്കുന്നതിനും 2040-ഓടെ ആദ്യ മനുഷ്യ ചാന്ദ്ര ദൗത്യത്തിനുമാണ് രാജ്യം ലക്ഷ്യമിടുന്നത്.

✪✪✪

കൂടുതൽ ദക്ഷിണേന്ത്യൻ ഭാഷകൾ ഉൾപ്പെടുത്തി ദൂരദർശൻ ഫ്രീ ഡിഷ് വിപുലീകരിച്ചതായി കേന്ദ്രസഹമന്ത്രി ഡോ. L. മുരുകൻ ലോക്സഭയിൽ പറഞ്ഞു. പ്രാദേശിക പ്രാതിനിധ്യം ഉറപ്പാക്കാൻ ദക്ഷിണേന്ത്യൻ ഭാഷാ ചാനലുകൾക്ക് ഇ-ലേലത്തിൽ പ്രത്യേക സ്ലോട്ട് അനുവദിച്ചതായും അദ്ദേഹം അറിയിച്ചു.

✪✪✪

2006 മുംബൈ ട്രെയിൻ സ്ഫോടനക്കേസിലെ 12 പ്രതികളെ കുറ്റവിമുക്തരാക്കിയ ബോംബെ ഹൈക്കോടതി നടപടി സുപ്രീംകോടതി സ്റ്റേ ചെയ്തു. ഹൈക്കോടതി വിധിയ്ക്കെതിരെ മഹാരാഷ്ട്ര ഗവൺമെന്റ് നൽകിയ അപ്പീലിലാണ് കോടതി ഉത്തരവ്.

✪✪✪

ജൂലൈ മാസത്തെ ക്ഷേമ പെൻഷൻ വിതരണം നാളെ ആരംഭിക്കുമെന്ന് മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. ഇതിന് 831 കോടി രൂപ അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം പെൻഷൻ നൽകുന്നത്. 26 ലക്ഷത്തിലേറെ പേർക്ക് ബാങ്ക് അക്കൗണ്ടിൽ തുക എത്തും. ശേഷിക്കുന്നവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും.

എട്ട് ലക്ഷത്തി 46,000 പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര ഗവൺമെന്റാണ് നൽകേണ്ടത്. ഇതിനാവശ്യമായ 24 കോടി 31 ലക്ഷം രൂപയും സംസ്ഥാനം മുൻകൂറായി അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം കേന്ദ്ര ഗവൺമെന്റിന്റെ PFMS സംവിധാനം വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാക്കും.

✪✪✪

ഓണവിപണിയിൽ വെളിച്ചെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുമെന്ന് മന്ത്രി G R അനിൽ പറഞ്ഞു. ഓണക്കാലത്തെ വിലക്കയറ്റം തടയാൻ വിപണിയിൽ ഇടപെടുമെന്നും അദ്ദേഹം അറിയിച്ചു. ഇതിന് അയൽ സംസ്ഥാനങ്ങളിലെ മന്ത്രിമാരുമായി ചർച്ച നടത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

M പരിവാഹൻ സൈബർ തട്ടിപ്പ് കേസിന്റെ അന്വേഷണം ഇതരസംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചു. പണം തട്ടിയെടുത്തതിനു പിന്നാലെ ആയിരക്കണക്കിന് വാഹന ഉടമകളുടെ വിവരം ചോർന്നതു സംബന്ധിച്ചാണ് സംസ്ഥാന പൊലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗവും കേന്ദ്ര ഗവ ഇന്ത്യൻ സൈബർ ക്രൈം കോ--ഓർഡിനേഷൻ സെന്ററും അന്വേഷണം ആരംഭിക്കുന്നത്. വാരാണാസിയിൽ നിന്ന് കൊച്ചി സൈബർ പൊലീസ് പിടികൂടിയ പ്രതികളുടെ ഫോൺ വിവരങ്ങളിൽനിന്ന് 2700 പേർ തട്ടിപ്പിനിരയായതായി കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ച് കേരളത്തിൽമാത്രം 570 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതാനും സംസ്ഥാനങ്ങളുടെ മോട്ടോർ വാഹനവകുപ്പ് വെബ്സൈറ്റ് പ്രതികൾ ഹാക്ക് ചെയ്തതായും വിവരം ലഭിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ടോൾ ഫ്രീ നമ്പറിലും മറ്റന്നാൾ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

✪✪✪

കർക്കിടകവാവ് ദിനത്തിൽ ആയിരങ്ങൾ ബലിക്കടവുകളിലും തീർത്ഥഘട്ടങ്ങളിലും പിതൃമോക്ഷത്തിന് ബലിതർപ്പണം നടത്തി. ഇന്നലെ അർധരാത്രിയോടെ തന്നെ പ്രമുഖ തീർത്ഥഘട്ടങ്ങളിലെല്ലാം ആളുകൾ എത്തി തുടങ്ങിയിരുന്നു. ആലുവ മണപ്പുറം, അരുവിക്കര, വർക്കല, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, ചേലാമറ്റം, പമ്പ ത്രിവേണി, തിരുന്നാവായ, തിരുനെല്ലി, കോഴിക്കോട് വരയ്ക്കൽ, ഗോതീശ്വരം, ബേപ്പൂർ വാക്കടവ്, കാസർകോട് തൃക്കണ്ണാട് ത്രയംബകേശ്വര ക്ഷേത്രം തുടങ്ങിയ കേന്ദ്രങ്ങളിലും ബലിതർപ്പണത്തിന് നൂറുകണക്കിന് ആളുകളെത്തി.

ആലുവ ശിവരാത്രി മണപ്പുറത്ത് പുലർച്ചയോടെ ബലിതർപ്പണം ആരംഭിച്ചു. അറുപതോളം ബലിപ്പുരകളാണ് മണപ്പുറത്ത് തയ്യാറാക്കിയത്.

തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രത്തിലും പുലർച്ചെ തന്നെ പിതൃതർപ്പണ കർമങ്ങൾക്ക് തുടക്കമായി. ഇന്നലെ വൈകിട്ടുതന്നെ ക്ഷേത്രപരിസരത്ത് വിശ്വാസികളുടെ തിരക്കായിരുന്നു.

കോഴിക്കോട് വരയ്ക്കൽ കടപ്പുറം, കണ്ണൂർ പയ്യാമ്പലം തയ്യിൽ കടപ്പുറം, മുഴപ്പിലങ്ങാട്, തളാപ്പ് സുന്ദര ക്ഷേത്രം, തളിപ്പറമ്പ് തൃച്ചംബരം ക്ഷേത്രം എന്നിവിടങ്ങളിലും നൂറു കണക്കിനാളുകൾ തർപ്പണം ചെയ്തു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് പത്തനംതിട്ട,ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യത കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ ശക്തമായി തുടരുന്ന മഴ സാധാരണ ജന ജീവിതത്തെ ബാധിച്ചു. വഴിയോര കച്ചവടക്കാരും നടന്നു വില്പനക്കാരുമാണ് ഏറെ ദുരിതത്തിലായത്. ഇന്നലെ തലശ്ശേരി താലൂക്കിൽ ഒരു വീട് പൂർണമായും ഒരു വീട് ഭാഗികമായും തകർന്നു. തുടർച്ചയായി പെയ്യുന്ന മഴ കാർഷിക മേഖലയിലും നാശം വരുത്തിയിട്ടുണ്ട്.

✪✪✪

എൻഡോസൾഫാൻ ദുരിതബാധിതരുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് മുഴുവൻ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ട് വരാൻ 'സഹജീവനം സ്നേഹഗ്രാമം പദ്ധതി' കാസർകോട്ട് ഒരുങ്ങുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർകോട് ജില്ല പ്രതിനിധി P ജഗന്നിവാസൻ.

........(വോയ്സ്)............

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് നാലാം ക്രിക്കറ്റ് ടെസ്റ്റിൽ രണ്ടാം ദിവസമായ ഇന്ന് ഇന്ത്യ നാലിന് 264 എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം തുടങ്ങുന്നത്. ഷാർദ്ദുൽ ടാക്കൂറും രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസ്സിൽ ഇന്ത്യയുടെ ദിവ്യാ ദേശ്മുഖ് ഫൈനലിൽ പ്രവേശിച്ചു. ചൈനീസ് താരം ടാൻ സോങ്ങിയെ തോൽപ്പിച്ചാണ് 19കാരിയായ ദിവ്യ ഫിഡെ ഫൈനലിൽ പ്രവേശിക്കുന്ന ആദ്യ ഇന്ത്യക്കാരിയായി മാറിയത്. രണ്ടാം സെമിയിലെ ജേതാവുമായി ദിവ്യ ഫൈനലിൽ ഏറ്റുമുട്ടും. കൊനേരും ഹംപിയും ചൈനയുടെ ലീ ടിംഗ്ജിയുമാണ് രണ്ടാം സെമിയിൽ മത്സരിക്കുന്നത്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader : രജ്ന കെ*
*NRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*